# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 14.07.2025** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടുദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഒഡിഷയിലെത്തും. ഭുവനേശ്വർ എയിംസിന്റെ അഞ്ചാമത് ബിരുദദാനച്ചടങ്ങിൽ പങ്കെടുക്കും.

   President Droupadi Murmu will arrive in Odisha today on a two-day visit. She will attend the fifth convocation ceremony of AIIMS Bhubaneswar.

2. ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പടെ നാലുപേരടങ്ങുന്ന ആക്സിയം-4 ദൗത്യ സംഘത്തിൻറെ ഭൂമിയിലേക്കുള്ള മടക്കയാത്ര ഇന്ന് ആരംഭിക്കും.

   The return journey to Earth of the four-member Axiom-4 mission team, including India's Subhanshu Shukla, will begin today.

3. സങ്കീർണ്ണമായ അന്താരാഷ്ട്ര സാഹചര്യത്തിൽ ഇന്ത്യയും ചൈനയും തമ്മിലുള്ള ആശയ കൈമാറ്റത്തിന്റെ പ്രാധാന്യം വളരെ വലുതാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

   External Affairs Minister S. Jaishankar said that the importance of the exchange of ideas between India and China is very crucial in the complex international situation.

4. കേരളത്തിൽ വീണ്ടും നിപ്പ മരണം സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി ആരോഗ്യവകുപ്പ്.

   The Health Department has intensified preventive measures in the wake of another Nipah death being confirmed in Kerala.

5. പങ്കാളിയുടെ അറിവില്ലാതെ റെക്കോർഡ് ചെയ്ത ഫോൺ സംഭാഷണം വിവാഹവുമായി ബന്ധപ്പെട്ട കേസുകളിൽ തെളിവായി ഉപയോഗിക്കാമെന്ന് സുപ്രീം കോടതി.

   Secretly Recorded Telephonic Conversation of Spouse Admissible Evidence in Matrimonial Cases says Supreme Court.

6. ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം സ്വന്തമാക്കാൻ ഇന്ത്യയ്ക്ക് ഇനി വേണ്ടത് 135 റൺസ്.

India need 135 more runs to win the third Test match against England.

*****************************************************

## PREZ ODISHA VISIT

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ടുദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഒഡിഷയിലെത്തും. ഭുവനേശ്വർ എയിംസിന്റെ അഞ്ചാമത് ബിരുദദാനച്ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ കട്ടക്കിലെ റാവൻഷാ സർവകലാശാലയുടെ 13-ാമത് ബിരുദദാനച്ചടങ്ങിലും രാഷ്ട്രപതി മുർമു പങ്കെടുക്കും.

*****************************************************

## REV. JAISHANKAR-CHINA (INTRO)

സങ്കീർണ്ണമായ അന്താരാഷ്ട്ര സാഹചര്യത്തിൽ ഇന്ത്യയും ചൈനയും തമ്മിലുള്ള തുറന്ന കാഴ്ചപ്പാടുകളുടെയും ആശയങ്ങളുടെയും കൈമാറ്റത്തിന്റെ പ്രാധാന്യം വളരെ വലുതാണെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ബീജിംഗിൽ ചൈനീസ് വൈസ് പ്രസിഡന്റ് ഹാൻ ഷെങ്ങുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം സാധാരണ നിലയിലാക്കുന്നത് പരസ്പരം പ്രയോജനം ചെയ്യുമെന്ന് കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു. കഴിഞ്ഞ ഒക്ടോബറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും പ്രസിഡൻറ് ഷി ജിംഗ് പിങ്ങും തമ്മിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം ഇന്ത്യയും ചൈനയും തമ്മിലുള്ള ഉഭയകക്ഷി ബന്ധം മെച്ചപ്പെട്ടുവരികയാണെന്നും ശ്രീ ജയ്ശങ്കർ പറഞ്ഞു. (ഹോൾഡ്-ബൈറ്റ്)

*****************************************************

## SHUBHANSHU SHUKLA

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിയ ആദ്യ ഇന്ത്യൻക്കാരൻ ശുഭാൻശു ശുക്ല ഉൾപ്പടെ നാലുപേരടങ്ങുന്ന ആക്സിയം-4 ദൗത്യ സംഘത്തിൻറെ ഭൂമിയിലേക്കുള്ള മടക്കയാത്ര ഇന്ന് ആരംഭിക്കും. 14 ദിവസത്തെ ദൗത്യത്തിന് ശേഷമാണ് സംഘം മടങ്ങുന്നത്. ഇന്ന് വൈകിട്ട് 4.30ന് അൺഡോക്കിങ് നടപടികൾ ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിങ് അറിയിച്ചു. നാളെ

വൈകുന്നേരത്തോടെ ഭൂമിയിൽ എത്തും. തുടർന്ന് ഏഴു ദിവസം നാലു ബഹിരാകാശ സഞ്ചാരികളും പ്രത്യേക നിരീക്ഷണത്തിൽ കഴിയും.

**************************************************

## SHUBHANSHU SHUKLA- (INTRO)

മടക്കയാത്രയ്ക്ക് മുന്നോടിയായി ശുഭാൻശു ശുക്ളയ്ക്കും മറ്റ് യാത്രികർക്കും ബഹിരാകാശ നിലയത്തിൽ യാത്രയയ്പ്പ് നൽകി. ബഹിരാകാശത്ത് നിന്ന് നോക്കുമ്പോൾ ഇന്ത്യ പ്രതീക്ഷാനിർഭരമായ രാജ്യമായി കാണപ്പെടുന്നതായി ശുഭാൻശു പറഞ്ഞു. 1984-ൽ ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശ സഞ്ചാരിയായ രാകേഷ് ശർമ്മയ്ക്ക് ശേഷം ബഹിരാകാശകത്ത് എത്തുന്ന ഇന്ത്യാക്കാരനാണ് ശുഭാൻശു.
(വോയ്സ്)

**************************************************

## SUPREME COURT

പങ്കാളിയുടെ അറിവില്ലാതെ റെക്കോർഡ് ചെയ്ത ഫോൺ സംഭാഷണം വിവാഹവുമായി ബന്ധപ്പെട്ട കേസുകളിൽ തെളിവായി ഉപയോഗിക്കാമെന്ന് സുപ്രീം കോടതി. ജസ്റ്റിസുമാരായ ബി.വി.നാഗരത്ന, സതീഷ ്ചന്ദ്ര എന്നിവരടങ്ങിയ ബഞ്ചിൻറേതാണ് ഉത്തരവ്. പങ്കാളിയുടെ ഫോൺ സംഭാഷണം രഹസ്യമായി റെക്കോർഡ് ചെയ്ത് വിവാഹമോചനക്കേസിന് തെളിവായി ഉപയോഗിച്ചത് സ്വകാര്യതയുടെ മൗലികാവകാശത്തിൻറെ ലംഘനമാണെന്നുള്ള പഞ്ചാബ്, ഹരിയാന ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി റദ്ദാക്കി.

**************************************************

## PM - NIGERIA PREZ

നൈജീരിയയുടെ മുൻ പ്രസിഡന്റ് മുഹമ്മദു ബുഹാരിയുടെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ദുഃഖം രേഖപ്പെടുത്തി. ഇന്ത്യയും നൈജീരിയയും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിൽ മുഹമ്മദു ബുഹാരി ഏറെ പ്രതിബദ്ധത പുലർത്തിയിരുന്നതായി പ്രധാനമന്ത്രി അനുസ്മരിച്ചു. ആരോഗ്യപ്രശ്നങ്ങളെത്തുടർന്ന് ലണ്ടനിൽ

ചികിത്സയിലിരിക്കെയാണ് ബുഹാരി അന്തരിച്ചത്. 2015 മുതൽ 2023 വരെ നൈജീരിയയുടെ പ്രസിഡന്റായിരുന്നു.

*******************************************

## SAROJA DEVI

തെന്നിന്ത്യൻ സിനിമയിൽ നിറഞ്ഞുനിന്ന മുൻകാലനായിക ബി. സരോജ ദേവി വിടവാങ്ങി. 87 വയസ്സായിരുന്നു. വാർദ്ധക്യസഹജമായ ആരോഗ്യപ്രശ്നങ്ങളെ തുടർന്ന് വിശ്രമ ജീവിതം നയിച്ചിരുന്ന സരോജ ദേവിയെ ബെംഗളൂരുവിലെ മല്ലേശ്വരത്തുള്ള വീട്ടിൽ അബോധാവസ്ഥയിൽ കണ്ടെത്തുകയായിരുന്നു. ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. കന്നഡ, തമിഴ്, തെലുങ്ക്, ഹിന്ദി തുടങ്ങിയ ഭാഷകളിലായി 200 ഓളം ചിത്രങ്ങളിൽ സരോജാദേവി അഭിനയിച്ചു. തുടർച്ചയായി161 ചിത്രങ്ങളിൽ നായികാവേഷം ചെയ്തു. പത്മശ്രീ, പത്മഭൂഷൺ പുരസ്കാരങ്ങൾ നൽകി രാജ്യം ആദരിച്ചു.

*******************************************

## PALAKKAD – NIPPAH (INTRO)

പാലക്കാട് ജില്ലയിൽ വീണ്ടും നിപ്പ മരണം സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യവകുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. മണ്ണാർക്കാട് നഗര സഭയിലെയും, കുമരംപുത്തൂർ, കാരാകുറിശ്ശി, കരിമ്പുഴ പഞ്ചത്തുകളിലെയും 17വാർഡുകൾ ജില്ലാ കളക്ടർ കണ്ടൈൻമെൻറ് സോണായി പ്രഖ്യാപിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്........

(വോയ്സ്)

*******************************************

## NIPPAH

പാലക്കാട്ടെ സ്വകാര്യ ആശുപത്രിയിൽ മരിച്ച 57 കാരന് നിപാ സ്ഥിരീകരിച്ച സാഹചര്യത്തിൽ, ഇദ്ദേഹത്തിൻറെ സമ്പർക്കപ്പട്ടിക തയ്യാറാക്കി. 46 പേരാണ് പട്ടികയിലുള്ളത്. പുണെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള സ്ഥിരീകരണം ലഭ്യമാകുമ്പോൾ കൂടുതൽ നടപടി സ്വീകരിക്കും. പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ,

വയനാട്, തൃശ്ശൂർ ജില്ലയിലെ ആശുപത്രികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി.

**************************************************

## IRAN PREZ ATTEMPT

ടെഹ്റാനിൽ സുപ്രീം നാഷണൽ സെക്യൂരിറ്റി കൗൺസിൽ യോഗത്തിന് നേരെ ഇസ്രായേൽ നടത്തിയ വ്യോമാക്രമണത്തിൽ ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാന് നിസ്സാര പരിക്കേറ്റതായി ഇറാൻ പ്രസ്താവനയിൽ അറിയിച്ചു. സർക്കാരിനെ അട്ടിമറിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു ആക്രമണമെന്നും ഔദ്യോഗിക പ്രസ്താവനയിൽ പറയുന്നു. കഴിഞ്ഞ മാസം 15 നായിരുന്നു വ്യോമാക്രമണം നടന്നത്.

**************************************************

## AP - ROAD ACCIDENT

ആന്ധ്രാപ്രദേശിലെ അന്നമയ ജില്ലയിൽ ഇന്നലെ രാത്രിയുണ്ടായ വാഹനാപകടത്തിൽ ഒൻപത് പേർ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റു. രാജംപേട്ടിൽ നിന്ന് റെയിൽവേകോഡൂർ മാർക്കറ്റിലേക്ക് മാമ്പഴം കയറ്റി വന്ന ലോറിയാണ് അപകടത്തിൽപ്പെട്ടത്. പരിക്കേറ്റവരെ രാജംപേട്ട സർക്കാർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

**************************************************

## NT. TEST CRICKET

ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ജയിക്കാൻ ഇന്ത്യയ്ക്ക് ഇനിവേണ്ടത് 135 റൺസ്. നാല് വിക്കറ്റ് നഷ്ടത്തിൽ 58 റൺസ് എന്ന നിലയിൽ ഇന്ത്യ ലോഡ്സ് ടെസ്റ്റിലെ അവസാന ദിനമായ ഇന്ന് ബാറ്റിങ് പുനരാരംഭിക്കും. ഇംഗ്ലണ്ട് രണ്ടാം ഇന്നിങ്സിൽ ഉയർത്തിയ 193 റൺസ് എന്ന വിജയലക്ഷ്യമാണ് ഇന്ത്യക്ക് മറികടക്കേണ്ടത്.

**************************************************

## INDIA U-20 WRESTLING-

കിർഗിസ്ഥാനിലെ ബിഷ്കെക്കിൽ നടന്ന അണ്ടർ-20 ഗുസ്തി ചാമ്പ്യൻഷിപ്പ് ഫ്രീസ്റ്റൈൽ വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി ഇന്ത്യ. 2 സ്വർണവും 1 വെള്ളിയും 5 വെങ്കലവും ഉൾപ്പെടെ ആകെ 157 പോയിന്റാണ് ഇന്ത്യയുടെ നേട്ടം. ചാമ്പ്യൻഷിപ്പ്

കിരീടം ഇറാൻ സ്വന്തമാക്കി. എല്ലാ വിഭാഗങ്ങളിൽ നിന്നുമായി ഇന്ത്യക്ക് 10 സ്വർണമുൾപ്പെടെ 21 മെഡലുകളാണുള്ളത്.

******************************************

## WEATHER

മധ്യപ്രദേശ്, ഗോവ, കേരളം, തീരദേശ കർണാടക, ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിൽ അടുത്ത ദിവസങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. കണ്ണൂർ കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

******************************************

## Himachal rainfall

ഇന്ന് മുതൽ വ്യാഴാഴ്ച വരെ ഹിമാചൽ പ്രദേശിലെ വിവിധ ഇടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ഇന്ന് കാംഗ്ര, സിർമൗർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മാണ്ഡി, ഷിംല, സോളൻ ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്.

******************************************

## TENDER - CBC

കേന്ദ്ര വാർത്താ വിതരണപ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കേരള- ലക്ഷദ്വീപ് മേഖലയിൽ സർക്കാരിൻറെ വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 28 ആണ്.

******************************************

## ED - VADRA

ആയുധ വ്യാപാരി സഞ്ജയ് ഭണ്ഡാരിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധി വാദ്രയുടെ ഭർത്താവ് റോബർട്ട് വാദ്രയെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ചോദ്യം ചെയ്യുന്നു. ന്യൂഡൽഹിയിലെ ഇഡി ഓഫീസിലാണ് ചോദ്യം ചെയ്യൽ. നേരത്തെ, ഗുരുഗ്രാമിൽ തൻറെ കമ്പനി, ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട മറ്റൊരു കള്ളപ്പണം വെളുപ്പിക്കൽ കേസിലും വാദ്രയെ ഇഡി ചോദ്യം ചെയ്തിരുന്നു.

******************************************

## RAIL SERVICES RESTORED

ചെന്നൈയ്ക്കും ആരക്കോണത്തിനും ഇടയിലുള്ള റെയിൽ ഗതാഗതം ഇന്ന് പുനഃസ്ഥാപിച്ചു. എന്നൂരിൽ നിന്ന് വാലാജഹ്ബാദിലേക്കുള്ള ചരക്ക് ട്രെയിനിന്റെ ഡീസൽ ട്രക്കിന് തീ പിടിച്ചുണ്ടായ അപകടത്തെ തുടർന്നാണ് റെയിൽ ഗതാഗതം തടസപ്പെട്ടത്.